# നീരയെ കള്ളിൽ കലർത്തണോ?

**വിചാരണ**

എം.ഡി. വർഗീസ്

നീരമദ്യമല്ലെന്നു തെളിയുകയും പുളിച്ചു കള്ളാകാതെ സംഭരിച്ചുവയ്ക്കാൻ കുറ്റമറ്റ സാങ്കേതികവിദ്യ ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിൽ എക്സൈസ് വകുപ്പിന്റെ ലൈസൻസിങ്ങിന് ഇതു വിധേയമാക്കുന്നതെന്തിനെന്ന ചോദ്യം പ്രസക്തമാണ്. 112 കൊല്ലം പഴക്കമുള്ള അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ നീരയുടെ ഉൽപാദനത്തിനും കേരകർഷകർക്ക് ഉയർന്ന വരുമാനം നേടിക്കൊടുക്കുന്നതിനും തടസ്സമാകുമ്പോൾ, നടപടിക്രമങ്ങൾ ലഘൂകരിക്കാനെങ്കിലും തയാറാകാത്തത് എന്തുകൊണ്ടാണ്? കള്ളിന്റെ രാഷ്ട്രീയവും ഉദ്യോഗസ്ഥരുടെ സ്ഥാപിത താൽപര്യങ്ങളുമാണ് ഇതിനു കാരണമെന്ന ആരോപണം പാടേ തള്ളിക്കളയാവുന്നതല്ല.

## ആശങ്കകൾ ഏറെ; ഒപ്പം ചോദ്യങ്ങളും

കേരളത്തിലെ അബ്കാരി നിയമത്തിന്റെ ചരിത്രം ചികയുമ്പോൾ ഇക്കാര്യം കൂടുതൽ വ്യക്തമാകും. സർക്കാരിനു മികച്ച വരുമാനമാർഗമെന്ന നിലയിലാണു ബ്രിട്ടിഷ് ഭരണകാലത്തു കൊച്ചി രാജ്യത്ത് അബ്കാരി നിയമം കൊണ്ടുവന്നത്. പിന്നീടു തിരുവിതാംകൂറും മലബാറും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും ഈ മാതൃക പിന്തുടർന്നു. 1957ൽ കള്ളിനു പുറമേ മധുരക്കള്ള് ഉൽപാദിപ്പിക്കാൻ അനുമതി നൽകി. ശർക്കരയുണ്ടാക്കാൻ വേണ്ടി നൽകിയ അനുമതി, കള്ള് ഉൽപാദിപ്പിക്കാൻ വ്യാപകമായി ദുരുപയോഗിക്കുന്നുവെന്ന പേരിൽ കുറച്ചുകാലത്തിനു ശേഷം പിൻവലിക്കുകയും ചെയ്തു. 1967ൽ സംസ്ഥാനത്തൊട്ടാകെ ഏകീകരിച്ച നിയമം വന്നപ്പോഴും ഈ വ്യവസ്ഥകൾ തുടർന്നു.

കാറ്റുവീഴ്ച, മണ്ഡരി തുടങ്ങിയ രോഗങ്ങൾ തെങ്ങുകളെ വ്യാപകമായി ബാധിക്കുകയും വെളിച്ചെണ്ണവില വല്ലാതെ തകരുകയും ചെയ്ത സാഹചര്യത്തിലാണ്, നീരയ്ക്കു വേണ്ടിയുള്ള ശ്രമത്തിന് ആക്കംകൂടിയത്. കേര വികസന ബോർഡ്, കാർഷിക സർവകലാശാല, കേര കർഷക സംഘങ്ങൾ എന്നിവയെല്ലാം ഇതിൽ പങ്കാളികളായി. 2005 ആയപ്പോൾ നീര ഉൽപാദനത്തിൽ കുറ്റമറ്റ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞു.

## അനർഹർ കയ്യടക്കുന്നു

ചെത്തു തൊഴിലാളികൾക്കു പുറമേ കേര കർഷക ഫെഡറേഷനുകളുടെ കീഴിൽ പരിശീലനം നേടിയവരെയും നീരയ്ക്കായി തെങ്ങുചെത്താൻ അനുവദിച്ചു. ഇതോടൊപ്പം ബവ്റിജസ് കോർപറേഷൻ, അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കാർഷിക സർവകലാശാല, കോക്കനട്ട് ഡവലപ്മെന്റ് കോർപറേഷൻ തുടങ്ങി ഏഴു സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. ബവ്റിജസ് കോർപറേഷൻ, അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, 25 വർഷമായി പ്രവർത്തനം നിലച്ച കോക്കനട്ട് ഡവലപ്മെന്റ് കോർപറേഷൻ, എന്നിവയെ ഇതിൽ ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന ചോദ്യം ബാക്കി നിൽക്കുന്നു.

കഴിഞ്ഞ സംസ്ഥാന ബജറ്റിൽ നാളികേര വികസന ബോർഡിന്റെയും കേര കർഷകരുടെയും നിരന്തരമായ ആവശ്യം പരിഗണിച്ചു നീരയുടെ ഉൽപാദനത്തിനും വിതരണത്തിനുമായി അനുവദിച്ച 15 കോടി രൂപ അനർഹർ കൊണ്ടുപോകുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. കഴിഞ്ഞ വർഷം മാർച്ച് നാലിനു മന്ത്രിസഭ നീര ചെത്തുന്നതിനു 124 ലൈസൻസുകൾ നൽകാൻ തീരുമാനിച്ചുവെങ്കിലും, ഭൂരിഭാഗത്തിന്റെയും വിതരണം ഇന്നാണു പൂർത്തിയാകുന്നത്. ഇത്രയും വൈകിയതിന്റെ കാരണവും അജ്ഞാതം.

## എക്സൈസിന്റെ കടുംപിടിത്തം

നീരയിൽ ആൽക്കഹോളിന്റെ അംശമില്ലെങ്കിലും നീര ചെത്തുന്നതിന്റെയോ സംസ്കരിക്കുന്നതിന്റെയോ ഏതെങ്കിലും ഘട്ടത്തിൽ ദുരുപയോഗത്തിനു സാധ്യതയുണ്ടെന്ന വാദമാണ് എക്സൈസ് വകുപ്പ് ഉന്നയിക്കുന്നത്. കേരളത്തിൽ കള്ളുചെത്തുന്നതിനു നിലവിലുള്ള കർശനമായ ചട്ടങ്ങളും ഇതിനു കാരണമാണത്രേ. എന്നാൽ ഈ വാദത്തിന് അടിസ്ഥാനമില്ലെന്നാണു കർഷകരും നാളികേര വികസന ബോർഡും ചൂണ്ടിക്കാട്ടുന്നത്.

നീര പുളിക്കാതിരിക്കാനുള്ള സാങ്കേതിക വിദ്യ പിഴവില്ലാത്തതാണ്. വ്യക്തികൾക്കു പകരം കർഷക കൂട്ടായ്മകൾക്കാണു തെങ്ങു ചെത്തുന്നതിന് അനുമതി നൽകുന്നതെന്നതും ശ്രദ്ധേയം. ആരെങ്കിലും ദുരുപയോഗിച്ചാൽ കർശന ശിക്ഷയ്ക്കു വ്യവസ്ഥയുണ്ടാക്കാം. 'അമുൽ' മാതൃകയിൽ പ്രാഥമിക ഉൽപാദനം കർഷക സംരംഭങ്ങളെയും മൂല്യവർധന, വിപണനം തുടങ്ങിയവയ്ക്കു മറ്റു സംരംഭകരെയും ചുമതലപ്പെടുത്തുക എന്ന സംവിധാനമാണു ബോർഡ് വിഭാവനം ചെയ്യുന്നത്. ഇനി എക്സൈസ് വകുപ്പിന്റെ കീഴിൽ ലൈസൻസ് നൽകുന്നതിന് അധികാരം നൽകുകയാണെങ്കിൽ തന്നെ, വ്യവസ്ഥകൾ കൂടുതൽ ഉദാരവും കർഷക സൗഹൃദവുമാകണമെന്നുള്ള ആവശ്യം അടിയന്തര പരിഗണന അർഹിക്കുന്നുണ്ട്. കേരളത്തിൽ 18 കോടി തെങ്ങുള്ളതിൽ ഒരു ശതമാനം പോലും നീരയ്ക്കു വേണ്ടി ചെത്താൻ കഴിയാത്തത് ഈ കടുംപിടിത്തം മൂലമാണ്.

> **112 കൊല്ലം പഴക്കമുള്ള അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ നീരയുടെ ഉൽപാദനത്തിനും കേര കർഷകർക്ക് ഉയർന്ന വരുമാനം നേടിക്കൊടുക്കുന്നതിനും തടസ്സമാകുമ്പോൾ, നടപടിക്രമങ്ങൾ ലഘൂകരിക്കാനെങ്കിലും തയാറാകാത്തത് എന്തുകൊണ്ടാണ്?**

## മഹാരാഷ്ട്രയെ മാതൃകയാക്കാം

മഹാരാഷ്ട്രയിലെ മുന്തിരിക്കൃഷിക്കാർ വീഞ്ഞു നിർമാണത്തിലൂടെ കൈവരിച്ച നേട്ടം കേരളത്തിനു മാതൃകയാക്കാവുന്നതാണെന്നും ചൂണ്ടിക്കാട്ടുന്നു. പത്തുവർഷം കൊണ്ടു മഹാരാഷ്ട്രയ്ക്കു വീഞ്ഞ് ഉൽപാദനത്തിൽ രാജ്യാന്തരതലത്തിൽ ഫ്രാൻസിനു തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്തെത്താൻ കഴിഞ്ഞു.

കർഷക കൂട്ടായ്മയായ ഗ്രേപ്പ് ഗ്രോവേഴ്സ് അസോസിയേഷൻ ഓഫ് മഹാരാഷ്ട്ര ഗവേഷണവും കൃഷിയും തൊട്ടു വിൽപന വരെയുള്ള മേഖലകളിലെല്ലാം മുന്നിൽ നിന്നു പ്രവർത്തിക്കുന്നു. 12 വിദേശ രാജ്യങ്ങളിൽ അസോസിയേഷന് ഓഫിസുകളുണ്ട്. സർക്കാരിന്റെ ഉദാരമായ നയവും സഹായവും ഇതിനു പിൻബലമായി. എന്നാൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തെങ്ങുകൃഷി രക്ഷിക്കുന്നതിനു സർക്കാർ ഇവിടെ തടസ്സം നിൽക്കുന്നുവെന്നതാണു പ്രശ്നം. കേരളത്തിന്റെ സമ്പദ്ഘടനയ്ക്കു വലിയ സാധ്യതകൾ നൽകുന്ന ഈ മേഖലയുടെ ആവശ്യങ്ങൾ അടിയന്തരമായി പരിഗണിക്കേണ്ടതാണ്.